**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1303** **13.07.2016 ൽ മറുപടിക്ക്**

## <u>വിമാനക്കമ്പനികളുടെ ചൂഷണവും എയർ കേരളയും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം<br>,, പി.വി. അൻവർ<br>,, വി. അബ്ദുറഹിമാൻ<br>,, എം. നൗഷാദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഓണം, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിലും സ്കൂൾ അവധിക്കാലത്തും തുച്ഛവരുമാനക്കാരായ വിദേശമലയാളികളെ അമിത ചാർജ് വസൂലാക്കി എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ ചൂഷണം ചെയ്യുന്നതു തടയാനായി എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | വിമാനയാത്രാ നിരക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ല എന്നും, 1937 ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ് ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. |

| | | | |
|---|---|---|---|
| (ബി) | എയർ കേരള എന്ന പേരിൽ വിമാന സർവ്വീസ് തുടങ്ങുമെന്ന പ്രഖ്യാപിച്ചതിന്റെയടിസ്ഥാനത്തിൽ മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (ബി) യും (സി) യും | സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും ദക്ഷിണേന്ത്യയിലെ സമീപ വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബംഗ്ലൂരു, ചെന്നൈ എന്നീ വിമാനത്താവളങ്ങളെയും ബന്ധിപ്പിച്ചുള്ള എയർകേരള പദ്ധതി വിഭാവനം ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ പഴയ വ്യോമയാന നയ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര വിമാന ഗതാഗത പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമായിരുന്നു. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് മുൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. |
| (സി) | സംസ്ഥാനത്തെയും ദേശീയതലത്തിലുമുള്ള ആഭ്യന്തരസഞ്ചാരികളെ കൂടി പരിഗണിച്ചുകൊണ്ട് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ